**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**

Email: sic.ker@nic.in

**ഹർജി നമ്പർ CP.No.506(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10934/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 15**

ശ്രീമതി നാൻസി
D/o സി.എം. ബേബി,
ചാപ്രായിൽ വീട്,
കോട്ടയ്ക്കകം, മുട്ടം പി.ഒ.,
ഹരിപ്പാട്, ആലപ്പുഴ. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്റ്റേഷൻ ഹൗസ് ഓഫീസർ,
വനിതാ പോലീസ് സ്റ്റേഷൻ,
ആലപ്പുഴ. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/08/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/09/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 13/09/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 14/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/10/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11/11/2021-വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി<br>എതിർകക്ഷി | ഹാജരായി - ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി നാൻസി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി 9.8.2021-ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്നും ആയത് ലഭിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, 03.08.2021-ലെ പി1-211/വി.പി.എസ്./21 നമ്പർ പരാതിയിൻമേൽ 7.8.2021 തീയതി ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച താഴെ പറയുന്ന വിവരങ്ങളാണ്:

i. പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് എന്തു നടപടി സ്വീകരിച്ചു എന്നും

ii. ഹർജിക്കാരിയുടെ ഭർത്താവിന് സ്വന്തമായി വസ്തുവോ വീടോ ഉണ്ടോ എന്നും

iii. ഭർത്താവിന്റെ ശമ്പളം ഉപയോഗിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തു എന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി നാൻസി വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കുള്ള മറുപടി 1.9.2021-ൽ സാധാരണ തപാലായി അയച്ചിട്ടുള്ളതാണെന്നും കമ്മീഷനിൽ നിന്നും ലെറ്റർ ലഭിച്ചപ്പോഴാണ് പരാതിക്കാരിക്ക് മറുപടി ലഭിച്ചിട്ടില്ല എന്നുള്ള വിവരം അറിയുന്നതെന്നും തുടർന്ന് ടിയാളെ ഫോണിൽ വിളിച്ച് അഡ്രസ് വ്യക്തത വരുത്തി രജിസ്റ്റേർഡ് തപാലായി 12.10.2021-ന് വിവരം അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 1.9.2021-ന് മറുപടി അയച്ചു കൊടുത്തിരുന്നു എന്ന് കാണുന്നു. ആയത് സാധൂകരിക്കുന്ന ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമുണ്ട്. കൂടാതെ ആയത് ഹർജിക്കാരിക്ക് ലഭിച്ചിട്ടില്ല എന്ന് കമ്മീഷനിൽ നിന്ന് കത്ത് ലഭിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ഉടനെ ഹർജിക്കാരിയെ ഫോണിൽ ബന്ധപ്പെട്ട് ശരിയായ വിലാസത്തിൽ 12.10.2021-ന് വീണ്ടും മറുപടി അയച്ചു കൊടുത്തതായും കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ എതിർകക്ഷിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലെന്ന നിഗമനത്തിൽ ഇക്കാര്യത്തിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 15-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us